G.O.(Ms)No.2/2024/BCDD

"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പിന്നാക്ക വിഭാഗ വികസന വകുപ്പ് - സംസ്ഥാന ഒ.ബി.സി. പട്ടികയിൽ ഉൾപ്പെട്ട 'Vaduvans, Vadugans, Vadukars, Vadukas (Vadukans) എന്നീ സമുദായ പദങ്ങൾക്ക് പകരം 'Vaduka (Vadukan, Vaduga, Vadugan, Vaduva, Vaduvan, Vadukar, Vaduvans, Vadugans, Vadukars, Vadukas, Vadukans)' എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പിന്നാക്ക വിഭാഗ വികസന(എ) വകുപ്പ്

G.O.(Ms)No.2/2024/BCDD തീയതി,തിരുവനന്തപുരം, 07-03-2024

---

പരാമർശം:- കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ 06.03.2023 ലെ കത്തും റിപ്പോർട്ടും

ഉത്തരവ്

സംസ്ഥാന ഒ.ബി.സി. പട്ടികയിൽ 'Vaduvans, Vadugans, Vadukars & Vadukas (Vadukans) ഇനം നമ്പർ 67 ആയും കേന്ദ്ര ഒ.ബി.സി. പട്ടികയിൽ Vaduvans, Vadugan, Vadukar, Vaduka (Vadukan) ഇനം നമ്പർ 59 ആയും Socially and Educationally Backward Classes (SEBC) പട്ടികയിൽ Vaduvan (Vadugan) ഇനം നമ്പർ 71 ആയും ഉൾപ്പെട്ട മേൽ വിഭാഗങ്ങൾ Vaduka സമുദായത്തിന്റെ പല പേരുകളിൽ അറിയപ്പെടുന്ന ഉപവിഭാഗങ്ങളാണെന്നും ഇക്കാരണങ്ങളാൽ മേൽ വിഭാഗങ്ങൾക്ക് ജാതി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിന് ധാരാളം പ്രയാസം നേരിടുന്നതായും സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ പരാമർശിത കത്ത് പ്രകാരം സർക്കാരിനെ അറിയിച്ചിരുന്നു. വ്യത്യസ്ത പേരുകളിൽ അറിയപ്പെടുന്ന മേൽ വിഭാഗങ്ങൾ Vaduka സമുദായത്തിന്റെ ഉപവിഭാഗങ്ങളാണെന്ന് പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറും റിപ്പോർട്ട് ചെയ്തിരുന്നു.

(2) 1958-ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് -I ഷെഡ്യൂൾ ലിസ്റ്റ് III -ൽ കേരള സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 67 ആയ 'Vaduvans, Vadugans, Vadukars, Vadukas (Vadukans)' എന്ന സമുദായ പദങ്ങൾക്ക് പകരം 'Vaduka (Vadukan, Vaduga, Vadugan, Vaduva, Vaduvan, Vadukar, Vaduvans, Vadugans, Vadukars, Vadukas, Vadukans)' എന്നാക്കി മാറ്റം

വരുത്താവുന്നതാണെന്ന് പരാമർശ റിപ്പോർട്ട് പ്രകാരം കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ സർക്കാരിനോട് ശിപാർശ ചെയ്യുകയു ണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷന്റെ ശിപാർശ അംഗീകരിക്കുകയും 1958 -ലെ കേരള സ്റ്റേറ്റ് & സബോർഡിനേറ്റ് സർവ്വീസ് റൂൾസ് പാർട്ട് - I ഷെഡ്യൂൾ ലിസ്റ്റ് III - ൽ കേരള സംസ്ഥാനത്തെ മറ്റ് പിന്നാക്ക വിഭാഗങ്ങളുടെ പട്ടികയിൽ ഇനം നമ്പർ 6 7 ആയ 'Vaduvans, Vadugans, Vadukars, Vadukas (Vadukans)' എന്ന സമുദായ പദങ്ങൾക്ക് പകരം 'Vaduka (Vadukan, Vaduga, Vadugan, Vaduva, Vaduvan, Vadukar, Vaduvans, Vadugans, Vadukars, Vadukas, Vadukans)' എന്നാക്കി മാറ്റി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) ഇത് സംബന്ധിച്ച വിജ്ഞാപനം പ്രത്യേകം പുറപ്പെടുവിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
DR A JAYATHILAK I A S
ADDITIONAL CHIEF SECRETARY

സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം)
അഡ്വക്കേറ്റ് ജനറൽ, കേരള, എറണാകുളം (ആമുഖ കത്ത് സഹിതം)
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർ / പ്രിൻസിപ്പൽ സെക്രട്ടറിമാർ / സെക്രട്ടറിമാർക്ക്
പൊതുഭരണ (എസ്.സി) വകുപ്പ് (06.03.2024 -ലെ ഇനം നം. 2102 പ്രകാരം)
ലാന്റ് റവന്യൂ കമ്മീഷണർ, തിരുവനന്തപുരം
എല്ലാ ജില്ലാ കളക്ടർമാർക്കും
രജിസ്ട്രാർ, കേരള സംസ്ഥാന പിന്നാക്ക വിഭാഗ കമ്മീഷൻ, തിരുവനന്തപുരം
റവന്യൂ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ജി&എസ്.എസ്.എ/എ&ഇ), കേരളം, തിരുവനന്തപുരം
ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, വെള്ളയമ്പലം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികജാതി വികസന വകുപ്പ്, നന്ദാവനം, തിരുവനന്തപുരം
ഡയറക്ടർ, പട്ടികവർഗ്ഗ വികസന വകുപ്പ്, വികാസ് ഭവൻ, തിരുവനന്തപുരം
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ (പ്രസിദ്ധീകരണത്തിനായി)
ധനകാര്യ വകുപ്പ്
ഉദ്യോഗസ്ഥ ഭരണപരിഷ്കാര വകുപ്പ്
കരുതൽ ഫയൽ / ഓഫീസ്കോപ്പി

ഉത്തരവിൻ പ്രകാരം

Signed by
Padmasekhar P
Date: 07-03-2024 10:41:48